**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

നം.30244/ഡി.ബി.1/2011/തസ്വഭവ

തിരുവനന്തപുരം, തീയതി: 16.06.2011

**സർക്കുലർ**

വിഷയം:– തദ്ദേശസ്വയംഭരണ വകുപ്പ് – ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുവാൻ സ്ഥലം ലഭ്യമാക്കുന്ന പദ്ധതി 2011–12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന:–
1. സ.ഉ.(എം.എസ്) നം.207/2009/തസ്വഭവ; തീയതി 07.11.2009
2. സ.ഉ.(സാധാ)നം.571/2010/തസ്വഭവ; തീയതി 22.02.2010
3. സ.ഉ.(സാധാ)നം.597/2011/തസ്വഭവ; തീയതി 07.04.2011
4. സ.ഉ.(സാധാ)നം.985/2011/തസ്വഭവ; തീയതി 07.04.2011
5. ഗ്രാമവികസന കമ്മീഷണറുടെ 23.05.2011–ലെ 44936/ജെ.ആർ.വൈ.1/08/ ഡി.ആർ.ഡി. നമ്പർ കത്ത്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂരഹിത–ഭവന രഹിതർ വീട് വയ്ക്കുന്നതിന് ആവശ്യമായ സ്ഥലം നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്കുകൾ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഐ.എ.വൈ. പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ചുകൊണ്ട് സൂചന 3, 4 എന്നീ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 10,000 രൂപ നിരക്കിൽ നൽകുന്നതിനുവേണ്ടി ഐ.എ.വൈ.പദ്ധതിയിൽ നിന്നും ആകെ 6418.90 ലക്ഷം രൂപ 2009–10–ൽ കേന്ദ്ര–സംസ്ഥാന വിഹിതമായി 14 ജില്ലകൾക്കും ലഭ്യമാക്കുകയുണ്ടായി. എന്നാൽ സ്ഥലം ലഭ്യമാക്കുന്ന പരിപാടിയുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാൽ കേന്ദ്ര–സംസ്ഥാന വിഹിതം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുവദിച്ച തുക യഥാസമയം വിനിയോഗിക്കുന്നില്ലെങ്കിൽ നടപ്പുവർഷം ഐ.എ.വൈ. പദ്ധതിയുടെ കേന്ദ്ര വിഹിതത്തിന്റെ രണ്ടാം ഗഡു ലഭിക്കാതെ വരും. ഈ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. ഭൂരഹിത–ഭവനരഹിതർ വീട് നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം വിലയ്ക്ക് വാങ്ങിയാൽ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011–12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. മറ്റ് മാർഗ്ഗങ്ങളിലൂടെ ഭൂമി കണ്ടെത്തി അനുവദിക്കുന്നതിന് പല വിധത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. നിലവിലുള്ള സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം ലഭ്യമാക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ ഉറപ്പാക്കണം. ഐ.എ.വൈ പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ച് സൂചന 2–ലെ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
5 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
8 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
9 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
10 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
12 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
13 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
14 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
17 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
18 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
19 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
20 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
21 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
22 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
23 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
24 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ (പഞ്ചായത്തീ രാജ്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്